ആടും പാടും മിണ്ടും ആർട്ടോ ഇർറോ 2.0

● സെൽഫിയെടുക്കൂ, സമ്മാനം നേടൂ

കലോത്സവ വേദിയിൽ ഇത്തവണ ഒരു പ്രത്യേക അതിഥിയുണ്ട്. പാട്ടു പാടിയും പാട്ടിനൊപ്പിച്ചു ചുവടുകൾ വച്ചും കുട്ടിച്ചോദ്യങ്ങൾ ചോദിച്ചും ഇവൻ കലോത്സവത്തിന്റെ പ്രധാന വേദിയിൽ താരമാകും. കക്ഷി ഒരു റോബട്ടാണ്. പേര് 'ആർട്ടോ ഇർറോ'.

ലിയോ തേർട്ടീൻത് സ്കൂളിലെ പ്രധാന വേദിയിലെ മനോരമ പവിലിയനിൽ ഇന്നു മുതൽ കക്ഷിയുണ്ടാകും. കലോത്സവത്തോടനുബന്ധിച്ചു മനോരമ പുറത്തിറക്കിയ അതിജീവനം അതിജീവനം.... എന്നു തുടങ്ങുന്ന അഭിവാദ്യഗാനം റോബടിലൂടെ കേൾക്കുകയും ഇതിന്റെ വിഡിയോ കാണുകയും ചെയ്യാം. മലയാള മനോരമയുടെ ഇ-പേപ്പർ വായിക്കാനും വിവിധ പ്രസിദ്ധീകരണങ്ങളെ പറ്റി അറിയാനും റോബടിനെ ഉപയോഗപ്പെടുത്താം.

തൃശൂർ ആസ്ഥാനമായുള്ള ഇൻകർ റോബട്ടിക്സ് ആണ് ഈ ഹ്യൂമനോയ്ഡിന്റെ ശിൽപികൾ.

ആർട്ടോ ഇർറോ റോബടിനൊപ്പം സെൽഫി എടുത്തു സമ്മാനം നേടാനും അവസരമുണ്ട്. സെൽഫിയെടുക്കന്നവരിൽ നിന്നു സമ്മാനാർഹരെ റോബട് തന്നെ തിരഞ്ഞെടുക്കും.

ഇന്നു നീലയണിഞ്ഞു വരൂ, 100 പേർക്ക് സമ്മാനം

● കലോത്സവ വേദിയിൽ ഇന്ന് നീല നിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചെത്തുന്നവരിലെ 100 ഭാഗ്യശാലികൾക്ക് നീലനിറക്കുട സമ്മാനം

സ്കൂൾ കലോൽസവം കാണാൻ ഇന്നു നിങ്ങൾ വരുന്നതു നീലനിറത്തിലുള്ള വേഷമണിഞ്ഞാണോ? ആണെങ്കിൽ, ഭാഗ്യം കൂടി കൂടെയുണ്ടെങ്കിൽ നിങ്ങളെ കാത്തിരിക്കുന്നത് ഒരു നീലനിറക്കുട. സമ്മാനക്കുടകൾ! മനോരമയും ജോൺസ് അംബ്രല്ലാ ഗ്രൂപ്പും ചേർന്നൊരുക്കുന്നു, മൽസരിക്കാതെ തന്നെ സമ്മാനം നേടാം. കലോൽസവം കാണാനും അതിൽ പങ്കെടുക്കാനുമെത്തുന്ന കുട്ടികൾക്കും മുതിർന്നവർക്കും സമ്മാനം ലഭിക്കും. നീലനിറത്തിന്റെ ഏതുതരം ഷെയ്ഡിലുമുള്ള ഏതുതരം വസ്ത്രവുമണിയാം.

നീല നിറത്തിലുള്ള വസ്ത്രം ശ്രദ്ധേയമായി അണിഞ്ഞ് വേദികളിൽ എത്തുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്കാണ് സമ്മാനം.

● നാളെ സമ്മാനം ചുവപ്പണിഞ്ഞ് എത്തുന്നവർക്ക്

കലയാണ്, മായില്ല

■ കലോത്സവങ്ങളിലെ ആലപ്പുഴയുടെ നഷ്ടസ്മരണകൾ, തിരിച്ചുപിടിച്ച വിജയങ്ങൾ...

അനുകരിക്കാനിനിയും, നഷ്ടപ്പെട്ട ദിനങ്ങളൊഴികെ

കരുവാറ്റ ജയപ്രകാശ്

കരുവാറ്റ ● ഒരു കാലിനു സ്വാധീനക്കുറവുള്ളൊരു പയ്യൻ പണ്ടു കരുവാറ്റയിൽ മിമിക്രിയുമായി പാടുപെട്ടു നടന്നിരുന്നു. കരുവാറ്റ ജയപ്രകാശ് പാടുപെട്ടതു കാലിന്റെ പ്രശ്നം കൊണ്ടു മാത്രമല്ല. കഴിവു തെളിയിക്കാൻ അവസരങ്ങളും ഉണ്ടായിരുന്നില്ല.

കായംകുളം എംഎസ്എം കോളജിൽ പഠിക്കുമ്പോഴാണ് ആദ്യമായി സർവകലാശാലാ യുവജനോത്സവത്തിൽ (1980-81) മത്സരിച്ചത്. അന്നു നാലാം സ്ഥാനം. ഒന്നാം സമ്മാനക്കാരൻ പിന്നെ പ്രശസ്ത നടനായി-മുകേഷ്. അടുത്ത തവണ നിരാശ മാറി. സർവകലാശാലാ ജേതാവായി. അന്നൊക്കെ ട്രെൻഡ് സിനിമാ താരങ്ങളെ അനുകരിക്കലായിരുന്നു. പക്ഷേ, പ്രശസ്ത ഗായകരുടെ സ്വരം വാദ്യോപകരണങ്ങളുടെ ശബ്ദമുൾപ്പെടെ അവതരിപ്പിക്കുന്നതായിരുന്നു ജയപ്രകാശ് സ്റ്റൈൽ. കെ.ബി.സുന്ദരാംബാൾ, എസ്.ജാനകി, നാസിയ ഹസൻ തുടങ്ങിയവരെയാണു പ്രധാനമായും അനുകരിച്ചത്.

ജോലി തേടുന്നതിനിടയിലാണു ദൂരദർശനിലെ ആദ്യകാല സീരിയലായ 'കുമിളകളി'ൽ മനോജ് കെ.ജയനൊപ്പം അഭിനയിച്ചത്. 'തുടിപ്പുകൾ' തുടങ്ങിയ സീരിയലുകൾ പിന്നീടു വന്നു. കോളജിൽ ജൂനിയറായിരുന്ന കെ.കെ.രാജീവിന്റെ 'എവിടെ' എന്ന സിനിമയിൽ അഭിനയിക്കുകയാണിപ്പോൾ. ജനുവരിയിൽ റിലീസ് ചെയ്യുന്ന 'ഇതെൻ കാതൽ പുസ്തക'ത്തിൽ കോമഡി വില്ലനാണ്. എൽഐസിയിൽനിന്നു കഴിഞ്ഞ വർഷം വിരമിച്ചു. എട്ടാം ക്ലാസുകാരിയായ മകൾ സ്നേഹ പ്രകാശ് മിമിക്രി കലാകാരിയാണ്. മകൻ ജിതിൻ എഡിറ്റിങ് വിദ്യാർഥി. ഭാര്യ ജയന്തി.

'എന്തുകൊണ്ടിത്ര കാലം വിട്ടു നിന്നെന്നു പലരും ചോദിക്കും. ജോലിയും ശരീരത്തിന്റെ പരിമിതികളുണ്ടായിരുന്നു. ഇനിയുള്ള കാലം ആസ്വദിക്കാനാണു തീരുമാനം'- നഷ്ടപ്പെട്ട കാലത്തിന്റെ നിരാശയില്ലാതെ ജയപ്രകാശ് പറയുന്നു.

രതീഷ്കുമാർ.

ശ്യാം മോഹൻ.

മൂന്നു 'ചക്രത്തിന്റെ' നടൻമാർ

കായംകുളം ● കലോത്സവത്തിന്റെ ആരവത്തിലമർന്നു നാടക മത്സരം ഒന്നുകൂടി ആസ്വദിക്കാൻ രതീഷിന്റെ മനസ്സ് ചായം തേയ്ക്കുന്നുണ്ട്. ആലപ്പുഴയിൽ എത്താൻ വെമ്പുകയാണ് പത്തിയൂർ രതീഷ് ഭവനത്തിൽ രതീഷ് കുമാർ. എറണാകുളത്തു നടന്ന സംസ്ഥാന കലോത്സവത്തിൽ അഭിനയ മികവിന് എ ഗ്രേഡ് നേടിയ രതീഷ് ഇപ്പോൾ നാട്ടിൽ ഓട്ടോറിക്ഷാ ഡ്രൈവറാണ്. 1998 ൽ മാവേലിക്കരയിൽ നടന്ന ജില്ലാ കലോത്സവത്തിലെ മികച്ച നടനായിരുന്നു രതീഷ്. പത്തിയൂർ എസ്കെവി ഹൈസ്കൂളിൽ മൂന്നു വർഷം മികച്ച നടനായിരുന്നു.

സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നഷ്ടപ്പെട്ടെങ്കിലും അന്നു നാടകം കണ്ട കവി ബാലചന്ദ്രൻ ചുള്ളിക്കാട് കെട്ടിപ്പിടിച്ച് അഭിനന്ദിച്ചതു മറക്കാനാവാത്ത സംഭവമാണു രതീഷിന്. ക്ലബ്ബുകളിൽ നടനായി അഭിനയ ജീവിതം തുടർന്നു. നാട്ടുകാരനായ പത്തിയൂർ ശ്രീകുമാർ കെപിഎസിയിൽ കൊണ്ടു പോയത് പ്രഫഷനൽ നാടകത്തെപ്പറ്റി മനസ്സിലാക്കാൻ അവസരം ഒരുക്കി.

ജീവിത പ്രാരാബ്ധങ്ങൾ അഭിനയത്തിനു തടസ്സമായപ്പോൾ ഡ്രൈവറായി ഗൾഫിലേക്കു പോയി. തിരിച്ചെത്തി 4 കൊല്ലമായി ഭഗവതിപ്പടി ജംക്ഷനിലെ ഒട്ടോറിക്ഷാ ഡ്രൈവറാണ്. ഭാര്യ വിജിയെയും മക്കൾ ദിയയെയും ദയയെയും കൂട്ടി ഓട്ടോറിക്ഷയിൽ കലോത്സവം കാണാൻ ആലപ്പുഴയിലെത്തുമെന്നു രതീഷ്.

ഹരിപ്പാട് ● മിമിക്രിയിലും ഹസ്യനടനായും കലോത്സവ വേദികളിൽ തിളങ്ങിയ ശേഷം ഉപജീവനത്തിനായി ഓട്ടോറിക്ഷാ ഡ്രൈവറാകുകയായിരുന്നു കുമാരപുരം കൊച്ചു കറുകത്തറ കിഴക്കതിൽ ശ്യംമോഹൻ (26).

2010 വരെ സ്കൂൾ തലത്തിൽ കലോത്സവ അരങ്ങിൽ നിറഞ്ഞു നിന്നു. ജീവിത ബദ്ധിമുട്ടുകൾ കാരണം പ്ലസ് വണ്ണിൽ പഠിത്തം ഉപേക്ഷിച്ചു. കോമഡി ഷോയിൽ സപ്പോർട്ടിങ് ആർട്ടിറ്റായി. പിന്നീട് അടൂർ ഹാസ്യകല ട്രൂപ്പിൽ മിമിക്രി ആർട്ടിസ്റ്റായി രണ്ടു വർഷം. അമ്മ കാൻസർ രോഗത്തിന് ചികിത്സയിലായതോടെ നാട്ടിൽ തിരിച്ചെത്തി ഓട്ടോറിക്ഷാ ഡ്രൈവറായി ജോലി ചെയ്യുകയാണ്. അപകട മുഖത്തു സൗജന്യ സേവന സന്നദ്ധരായ എമർജൻസി റസ്പോൺസ് ടീമിന്റെ യൂണിറ്റ് സെക്രട്ടറിയുമാണ്.

യദുകൃഷ്ണന്റെ അച്ഛൻ അയ്യപ്പൻ നായരും അമ്മ രമാദേവിയും ചേർത്തല ഒറ്റപ്പുന്നയിലെ വീട്ടിൽ.

നദി കവർന്ന നടനത്തിന്റെ ഓർമ

■ 10 വർഷം മുൻപൊരു കലോത്സവകാലത്തിന്റെ ഗദ്ഗദം ഇപ്പോഴും

പൂച്ചാക്കൽ ● കലോത്സവമെന്നു കേൾക്കുമ്പോൾ വേദനിക്കുന്ന ഒരു അച്ഛനും അമ്മയുമുണ്ട് ഇവിടെ. കലോത്സവത്തിൽ പങ്കെടുക്കാൻ പോയി നദിയിൽ മുങ്ങിമരിച്ച യദുകൃഷ്ണനാണ് അവരുടെ നൊമ്പരം.

പള്ളിപ്പുറം ഒറ്റപ്പുന്ന 'യദുകൃഷ്ണം' വീട്ടിൽ അയ്യപ്പൻ നായരുടെയും രമാദേവിയുടെയും മകൻ യദുകൃഷ്ണൻ ഒരു കലോത്സവ കാലത്തെയാകെ വേദനിപ്പിച്ചു മറഞ്ഞിട്ടു 10 വർഷം കഴിഞ്ഞു.

2008 ജനുവരി 16ന് ആയിരുന്നു അത്. അന്നു കൊല്ലം തേവള്ളി ഓലയിൽ ചുക്കാച്ചഴിക്കകത്തായിരുന്നു കുടുംബം താമസിച്ചിരുന്നത്.

മലപ്പുറത്തു നടന്ന സംസ്ഥാന ഹയർ സെക്കൻഡറി കലോത്സവത്തിൽ നാടകം, മൂകാഭിനയം, ഒപ്പന തുടങ്ങിയവയിൽ പങ്കെടുക്കാൻ കൊല്ലം തേവള്ളി മോഡൽ ബോയ്സ് എച്ച്എസ്എസിൽനിന്നുള്ള സംഘത്തിലെ പ്ലസ് ടു വിദ്യാർഥി യദുകൃഷ്ണനും സംഘവും പോയിരുന്നു.

വൈകുന്നേരം തിരുനാവായ സത്രത്തിനടുത്ത് നദിയിൽ കൂട്ടുകാരുമൊത്തു കുളിക്കാൻ പോയപ്പോൾ കൂട്ടുകാരൻ ആഴത്തിൽ മുങ്ങുന്നത് കണ്ട യദുകൃഷ്ണൻ രക്ഷിക്കാനിറങ്ങി. കൂട്ടുകാരനെ രക്ഷപ്പെടുത്തിയെങ്കിലും യദുകൃഷ്ണനെ നദി കവർന്നു. യദുവിന്റെ വേർപാടിൽ കുടുംബം തളർന്നു. അയ്യപ്പൻ നായർ പക്ഷാഘാതം സംഭവിച്ചു കിടപ്പിലായി.

യദുവിന്റെ സ്മാരകമായി തേവള്ളിയിൽ സ്കൂൾ കെട്ടിടവും ബാസ്കറ്റ് ബോൾ, ഫുട്ബോൾ കോർട്ടുകളും കുറ്റിപ്പുറത്തു കുട്ടികളുടെ പാർക്കും ഓപ്പൺ സ്റ്റേജും നിർമിച്ചിട്ടുണ്ട്.

കലോത്സവത്തിൽ രണ്ടാമതെത്തുന്ന സ്കൂളിനു യദുകൃഷ്ണന്റെ പേരിലാണു ട്രോഫി. ഇത്തവണ ട്രോഫി നൽകാത്തതിനാൽ മകനെ ഒരു നിമിഷം അനുസ്മരിക്കുകയെങ്കിലും വേണമെന്ന ആഗ്രഹം ഈ മാതാപിതാക്കൾക്കുണ്ട്.

ചിറകടി മാറാതെ ആ തബല

■ 11 വർഷം മുൻപു നിലച്ച ആ താളം ഇന്നും തുടിക്കുന്നു

ആലപ്പുഴ ● ആ തബല ഇപ്പോഴും പറവകളുടെ ചിറകടിയൊച്ച കേൾപ്പിക്കുന്നുണ്ട്. അഭിജിത് സായിയുടെ വിരലുകളെ പരിചയിച്ച തബല ഇപ്പോൾ അനന്തിരവൻ സൂര്യനാരായണൻ വായിച്ചുതുടങ്ങിയിരിക്കുന്നു. അഭിജിത് അങ്ങനെ മാന്നാർ ബുധനൂരിലെ സായി നിവാസ് എന്ന വീടിന്റെ താളമാകുന്നു; മരിച്ചു 11 വർഷത്തിനു ശേഷവും.

അഭിജിത് സായിയെ മറക്കാറായിട്ടില്ല. 2007 ൽ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവ വേദിയിൽനിന്ന് ആസ്വാദകർ ഒപ്പം കൂട്ടിയ നോവായിരുന്നു. കണ്ണൂരിൽ, കടുത്ത പനി മറന്നുള്ള പെരുക്കമായിരുന്നു അഭിജിത്തിന്റേത്. പനിക്കപ്പുറം രക്താർബുദം അവന്റെ 13 വയസ്സുള്ള ഉടലിൽ പെരുക്കുന്നുണ്ടെന്ന് അധികമാരും അറിഞ്ഞില്ല. സി ഗ്രേഡ് നൽകിയ മത്സരഫലത്തിനെതിരെ അപ്പീൽ നൽകാൻ ചിലർ ശ്രമിച്ചപ്പോൾ അഭിജിത് പറഞ്ഞത്, 'ഒന്നും വേണ്ട. എനിക്കു പോകണം, ശാന്തമായ ഒരിടത്തേക്ക്' എന്നാണ്.

ആ വിസ്മയ വിരലുകളുടെ ഉടമയെ അന്ന് ആസ്വാദകർ അറയ്ക്കൽ കൊട്ടാരത്തിലെ ദർബാർ ഹാളിലേക്കു കൊണ്ടുപോയി. അവിടെ, തബലയിൽനിന്ന് അവന്റെ വിരലുകൾ പറത്തിവിട്ട പ്രാവിൻപറ്റത്തിന്റെ ചിറകടി കേട്ടു ചിലർ കരഞ്ഞു. എല്ലാവരും വീർപ്പടക്കി. മടങ്ങുമ്പോൾ അഭിജിത് പറഞ്ഞു: ജില്ലാ കലോത്സവത്തിൽ ജയിച്ചാൽ അടുത്ത വർഷവും കാണാം. അതുണ്ടായില്ല. 2007 ജൂൺ 18 ന്, രക്താർബുദം അഭിജിത്തിനെ എന്നെന്നേക്കുമായി വിളിച്ചുകൊണ്ടുപോയി.

അഭിജിത്ത് സായിക്കു ലഭിച്ച സമ്മാനങ്ങൾക്കൊപ്പം അമ്മ സഹജ.

രണ്ടര വയസ്സു മുതൽ താളം തുടിച്ച വിരലുകളായിരുന്നു അവന്റേത്. തബല അഭ്യസിക്കാൻ കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് നേടിയ ഏറ്റവും പ്രായം കുറഞ്ഞ മലയാളി. ആദ്യമായി അഭിജിത്തിനെ തബലയിൽ ചേർത്തു വച്ച പിതാവ് ജയപ്രകാശും (62) 17 ദിവസം മുൻപു ഹൃദയാഘാതം മൂലം മരിച്ചു. വീട്ടിൽ അച്ഛൻ ജയപ്രകാശിന്റെ തബലയുണ്ടായിരുന്നു. അതിലായിരുന്നു അഭിജിത്തിന്റെ ആദ്യതാളം. 4 വയസ്സു മുതൽ ഗുരുകുലം അശോകനും പിന്നീട് തിരുവനന്തപുരത്തെ കേഷ്കർ മനോഹറും അവനെ പഠിപ്പിച്ചു.

അമ്മ സഹജ അഭിജിത്തിന്റെ തബലയും സമ്മാനങ്ങളുമെല്ലാം സൂക്ഷിച്ചു വച്ചിരിക്കുന്നു. അഭിജിത്തിന്റെ വിരലുകൾ നിശ്ചലമായ ശേഷം ജയപ്രകാശ്, മകൾ പ്രിയങ്കയുടെ മകൻ സൂര്യനാരായണനു ഗുരുവായി. അഭിജിത്തിന്റെ മരണശേഷവും ജയപ്രകാശ് കലോത്സവങ്ങളിലെ തബല മത്സരങ്ങളുടെ സദസ്സിലുണ്ടായിരുന്നു. കഴിഞ്ഞ വർഷവും മത്സരം കാണാൻ പോയി. മാഞ്ഞുപോയ മകന്റെ വിരൽവേഗത്തിനു സ്മാരകമായി ജയപ്രകാശ് കലോത്സവങ്ങളിൽ എവർ റോളിങ് ട്രോഫി ഏർപ്പെടുത്തിയിട്ടുണ്ട്, തബലയിലെ വിജയിക്ക്.

കാലം കുട്ടികളിലൂടെ ചുട്ടി കുത്തിയാടി

■ 41 കൊല്ലം മുൻപ് സംസ്ഥാന കലോത്സവം 'നഷ്ടപ്പെട്ട' കഥകളിപ്രതിഭ

ആലപ്പുഴ ● പോകാൻ വണ്ടിക്കൂലിയില്ലാത്തതിനാൽ 1977 ലെ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ മണ്ണഞ്ചേരി ഇറയം വീട്ടിൽ ഗണേശനു കഴിഞ്ഞില്ല. പിന്നീടു പല തവണ രണ്ടു മക്കളെയും സംസ്ഥാന സ്കൂൾ കലോത്സവ വേദിയിലെത്തിച്ചാണു ഗണേശൻ തന്റെ സങ്കടം തീർത്തത്.

ആയാപറമ്പിൽ നടന്ന ജില്ലാ കലോത്സവത്തിൽ വിജയിയായ തിരുവമ്പാടി എച്ച്എസ്എസിലെ ആ കുട്ടി പിന്നീടു കഥകളിയിൽ കേരള കലാമണ്ഡലത്തിലെ റാങ്ക് ജേതാവായി കലാമണ്ഡലത്തിൽ നിന്നു പുറത്തിറങ്ങി. തന്റെ ദുരനുഭവം മക്കൾക്കുണ്ടാകരുതെന്ന് കലാമണ്ഡലം ഗണേശനു നിർബന്ധമുണ്ടായിരുന്നു. മകൾ ഗാർഗിയെ കഥകളിയിലും ഓട്ടൻ തുള്ളലിലുമായി 5 വർഷങ്ങളിലും മകൻ ഗൗതത്തിനെയും കഥകളി, ഓട്ടൻ തുള്ളൽ, ചെണ്ട ഇനങ്ങളിൽ 4 വർഷവും സംസ്ഥാന തലത്തിൽ മത്സരിക്കാനെത്തിച്ചു.

കഥകളിയിലെ പരമ്പരാഗത പ്രമേയങ്ങളിൽ നിന്നു മാറി ചെമ്മീൻ നോവലിൽ നിന്നു കറുത്തമ്മ, ഗുരുദേവ മാഹാത്മ്യം, രമണൻ തുടങ്ങിയ ആട്ടക്കഥകൾ ഇദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

കലാമണ്ഡലം ഗണേശൻ കുട്ടികളെ കഥകളി അഭ്യസിപ്പിക്കുന്നു.

മൃദംഗത്തിൽ എന്നും ഉഷഃകാലം

തുറവൂർ ● ഒരു കാലം സന്ധ്യ എസ്.പ്രഭു കലോത്സവ വേദികളുടെ തിളക്കമായിരുന്നു. തുടർച്ചയായി 5 വർഷം മൃദംഗത്തിൽ ഒന്നാം സ്ഥാനം. 32 കൊല്ലം മുൻപായിരുന്നു വേദികളിൽ സന്ധ്യയുടെ 'പഞ്ചവൽസര സമ്മാന' പദ്ധതി. 1984 മുതൽ 88 വരെ.

അന്നു സമ്മാനങ്ങൾ വയ്ക്കാൻ പോലും ഒരു കൂരയില്ല. സന്ധ്യയുടെ നേട്ടങ്ങളും ഇല്ലായ്മയും സർക്കാർ കാണുന്നുണ്ടായിരുന്നു. അങ്ങനെ വീടിനും തുടർപഠനത്തിനും സഹായം സർക്കാർ നൽകി. തുറവൂർ തിരുമല സ്വദേശി സന്ധ്യ എസ്.പ്രഭു ഇന്നു കച്ചേരികളിലും ഫ്യൂഷൻ വേദികളിലും നിറസാന്നിധ്യമാണ്.

വിദ്യാർഥിനിയായിരിക്കുമ്പോൾ സ്വന്തം വീടില്ലാത്തതിനാൽ സന്ധ്യയുടെ കുടുംബം അമ്മയുടെ തറവാട്ടിലായിരുന്നു. സന്ധ്യയുടെ പ്രയാസങ്ങളറിഞ്ഞ് അന്നത്തെ സംസ്ഥാന സർക്കാർ വീടു വയ്ക്കാൻ 20,000 രൂപയും തുടർപഠനത്തിന് 5,000 രൂപയും നൽകി. ആ തുക കൊണ്ട് ചേർത്തല മനോരമക്കവലയ്ക്കു സമീപം സ്ഥലം വാങ്ങി ചെറിയ ഓടു മേഞ്ഞ വീടുണ്ടാക്കി. പണി തീർന്നപ്പോൾ കടം കയറി വീടും സ്ഥലും വിൽക്കേണ്ടിവന്നു.

ഒൻപതാം വയസ്സിൽ മൃദംഗ പരിശീലനം തുടങ്ങിയതാണ്. ചേർത്തല സെന്റ് മേരീസ് സ്കൂളിൽനിന്നാണു സന്ധ്യ സംസ്ഥാന കലോത്സവ വേദികളിലെത്തിയിരുന്നത്. കുടുംബിനിയായെങ്കിലും മൃദംഗം ഇപ്പോഴും വിരലുകളോട് ഇണങ്ങുന്നു.

സന്ധ്യ എസ്.പ്രഭു

ആവേശം കുറയാതെ സുബ്രഹ്മണ്യ അയ്യർ



സുബ്രഹ്മണ്യ അയ്യർ

അമ്പലപ്പുഴ ● വീണ്ടുമൊരു കലോത്സവം ജില്ലയിലെത്തുമ്പോൾ സുബ്രമണ്യത്തിന്റെ ഓർമകൾ 47 വർഷം പിന്നിലേക്കു സഞ്ചരിക്കുകയാണ്. സ്കൂൾ കലോത്സവ വിശേഷം പറയുമ്പോൾ സുഷിര വാദ്യത്തിലെ അന്നത്തെ ഒന്നാം സ്ഥാനക്കാരനായ കെ.സുബ്രഹ്മണ്യം അയ്യരുടെ ആവേശത്തിനൊട്ടും കുറവില്ല. അമ്പലപ്പുഴ ഗവ. ഹൈസ്കൂളിലെ എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഇദ്ദേഹം മത്സരിച്ചത്. സ്കൂളിലെ പ്രഥമ അധ്യാപകൻ പരമേശ്വര ശാസ്ത്രികളും ക്ലാസ് അധ്യാപകൻ രാമചന്ദ്ര അയ്യരും ചേർന്ന് തകഴി - ആലപ്പുഴ ബസിൽ കൊണ്ടു പോയതൊക്കെ ഇന്നും വ്യക്തമായി അയ്യരുടെ മനസിലുണ്ട്. എറണാകുളം വളഞ്ഞവട്ടത്ത് അഞ്ജലി വീട്ടിലാണ് ഇപ്പോൾ താമസം.

സുബ്രഹ്മണ്യം പഠിച്ച സ്കൂൾ പിന്നീടു ഹയർ സെക്കൻഡറി സ്കൂളായി ഉയർന്നു. ജില്ലയെ പ്രതിനിധീകരിച്ച് മത്സരിക്കുന്ന പഞ്ചവാദ്യം കലാകാരൻമാർ ഈ സ്കൂളിൽ നിന്നുള്ളവരാണെന്നറിഞ്ഞപ്പോൾ സുബ്രഹ്മണ്യത്തിനു സന്തോഷം.

പിതാവും തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരനുമായിരുന്ന കൃഷ്ണയ്യരായിരുന്നു സുബ്രഹ്മണ്യം അയ്യരുടെ ഗുരു. 10-ാം ക്ലാസിനു ശേഷം ഗുരു ഗോപിനാഥിന്റെ വിശ്വകലാ കേന്ദ്രത്തിൽ ചേർന്നു. ഗുരു ഗോപിനാഥിനോടൊപ്പം പരിപാടികളിൽ പുല്ലാങ്കുഴൽ വായിച്ചിരുന്നത് ഇദ്ദേഹമായിരുന്നു.

ഇദ്ദേഹം എറണാകുളത്തപ്പൻ ക്ഷേത്രത്തിനു സമീപമുള്ള സുബ്രഹ്മണ്യ ക്ഷേത്രത്തിലെ മാനേജരാണ്.

റിപ്പോർട്ടുകൾ: സാക്കിർ ഹുസൈൻ, ആർ.കൃഷ്ണരാജ്, സന്തോഷ് ജോൺ തൂവൽ, എം.എ.അനൂജ്, പ്രതീഷ് ജി.നായർ, മുസ്തഫ കൂടല്ലൂർ, വി. മിത്രൻ, കപിൽ രാജ്, സുബിൻ മാത്യു തോമസ്, രാജേഷ് നോയൽ, എസ്.അഖിൽ, സായൂജ്യ സെബാസ്റ്റ്യൻ, ആൽബിൻ രാജ്, ഐറിൻ എൽസ ജേക്കബ്, നിഥിൻ സാമുവൽ

ചിത്രങ്ങൾ :ആർ.എസ്.ഗോപൻ, ജാക്സൺ ആറാട്ടുകുളം, ജോസ്കുട്ടി പനയ്ക്കൽ, റോബർട്ട് വിനോദ്, അരുൺ ജോൺ, ഫഹദ് മുനീർ, അരവിന്ദ് വേണുഗോപാൽ, രാഹുൽ ആർ. പട്ടം, റെജു ആർനോൾഡ്, ജിൻസ് മൈക്കിൾ, വിഷ്ണു സനൽ.